സർക്കുലർ

144/NSS/DHSE/2018 20/10/2018

# ക്ലീൻ പരുമല മിഷൻ

മദ്ധ്യ കേരളത്തിലെ പ്രശസ്തമായ തീർത്ഥാടന കേന്ദ്രമായ പരുമലയിൽ എല്ലാ വർഷവും നവംബർ 2 ന് നടക്കുന്ന പെരുന്നാളിനോടനുബന്ധിച്ച് ലക്ഷക്കണക്കിന് തീർത്ഥാടകർ പദയാത്രയായി എത്തിച്ചേരാറുണ്ട്. പ്രളയം ഏറ്റവും കൂടുതൽ ബാധിച്ച സ്ഥലങ്ങളായ ചെങ്ങന്നൂർ, മാന്നാർ, പാണ്ടനാട്, നിരണം കടപ്ര തുടങ്ങിയ സ്ഥലങ്ങളിലൂടെ കടന്നു വരുന്ന പദയാത്രകൾക്ക് **ഗ്രീൻ പ്രോട്ടോക്കോൾ** പാലിക്കാനുള്ള നിർദ്ദേശങ്ങൾ നൽകുന്നതും, നിക്ഷേപിക്കപ്പെടുന്ന പ്ലാസ്റ്റിക്കുകൾ സംസ്ക്കരണത്തിനുവേണ്ടി ശേഖരിക്കുന്നതുമടക്കമുള്ള പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ നടത്തേണ്ടതുമാണ്. ക്ലീൻ പരുമല മിഷൻ ഏകോപിപ്പിക്കാനുള്ള ചുമതല പത്തനംതിട്ട പി .എ. സി അംഗങ്ങളായ ശ്രീ രജിത്ത്, ശ്രീ ജയകുമാർ എന്നിവർ നിർവ്വഹിക്കേണ്ടതാണ്.

ഈ പ്രദേശങ്ങളിലെ പ്രോഗ്രാം ഓഫീസർമാരുടെ യോഗം അടിയന്തിരമായി വിളിച്ചു ചേർത്ത് പ്രവർത്തനങ്ങൾക്ക് രൂപം നൽകി ആസൂത്രണവും നടത്തിപ്പുവിവരങ്ങളും എൻ . എസ്. എസ് സെല്ലിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഒപ്പ്

ഡോ.ജേക്കബ് ജോൺ
പ്രോഗ്രാം കോഡിനേറ്റർ